**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2084** **11-10-2021 - ൽ മറുപടിയ്ക്ക്**

**കായംകുളം താലൂക്കാശുപത്രിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം താലൂക്കാശുപത്രിയിൽ 45.5 കോടി രൂപ വിനിയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് മുന്നോടിയായി നിലവിലുള്ള പഴയ കെട്ടിടങ്ങൾ പൊളിച്ച് മാറ്റുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ? | (എ) | കായംകുളം താലൂക്കാശുപത്രിയിൽ പൊളിക്കാനുള്ള 14കെട്ടിടങ്ങളിൽ ഉപയോഗശൂന്യമായ എക്സ്റേ കെട്ടിടം, പഴയ ഗൈനക്ക് ഓ.പി, ഓവർ ഹെഡ് വാട്ടർ ടാങ്കും അറ്റാച്ച്മെന്റ് പമ്പ് ഹൗസ് & ടോയ്ലെറ്റ് കെട്ടിടവും അഭയ സെന്റർ & ടി. വി റൂം, ടോയ്ലെറ്റ് എന്നീ 5 കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർ അനുമതി നൽകിയിട്ടുണ്ട്. അൺഫിറ്റ് കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിന്റെ ഭാഗമായി ഇവിടെ പ്രവർത്തിച്ച് വരുന്ന വിവിധ യൂണിറ്റുകൾ മറ്റ് കെട്ടിടങ്ങളിലേക്ക് മാറ്റി സ്ഥാപിക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. ബാക്കിയുള്ള കെട്ടിടങ്ങളിൽ പീഡിയാട്രിക് ഒ.പി, പി.പി. യൂണിറ്റ്, കാന്റീൻ, ഡയാലിസിസ് യൂണിറ്റ്, ലാബ് കെട്ടിടം, കാരുണ്യ ഫാർമസി, ഐ & ഡെന്റൽ ക്ലിനിക്ക് എന്നീ കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നത് സംബന്ധിച്ച് ആരോഗ്യവകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രപ്പോസൽ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ